**"മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി", "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നീ ആപ്തവാക്യങ്ങളുടെ അർഥവ്യാപ്തിയെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.**

**ഉത്തരമാതൃക**

'മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി' എന്ന ആപ്തവാക്യത്തിൽ മനുഷ്യനന്മയ്ക്കാണ് പ്രാധാന്യം. ആ നന്മയ്ക്ക് മതം ആവശ്യമില്ലെന്ന ധ്വനികൂടി അതിലുണ്ട്. മനുഷ്യനാണ് ഇവിടെ മാനദണ്ഡം. മനുഷ്യനന്മയ്ക്ക് ഉതകാത്തതൊന്നും ഗുരുവിന് പ്രധാനമല്ല എന്നാണ് ലേഖകൻ സമർത്ഥിക്കുന്നത്.

മനുഷ്യവർഗത്തെ ഒന്നായിക്കാണുന്നതാണ് 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന സന്ദേശം. എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരികവികസനത്തിന് ഉപകരിക്കുന്നതുമായ വിശിഷ്ടാശയമാണിത്. ഭൂമുഖത്തെ വികൃതമാക്കുന്ന എല്ലാ ജാതി മത വർഗഭേദങ്ങളും അസ്തമിച്ച് കേവലമായ മനുഷ്യത്വത്തിന്റെ സർവ്വാശ്ലേഷിയായ മനോഹരരൂപം ആ സന്ദേശത്തിൽ പൊന്തിവരുന്നു. അന്താരാഷ്ട്രതലത്തിൽ രൂപംപൂണ്ടുതുടങ്ങിയിരിക്കുന്ന ഏകലോകമെന്ന ആശയത്തിന്റെ മുദ്രാവാക്യമായി ഈ സന്ദേശത്തെ പരിഗണിക്കാം.

## 4 mark question

**ജ്ഞാനസിദ്ധനും അതേസമയം കർമ്മസിദ്ധനുമായിരുന്നു ശ്രീനാരായണഗുരു. അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് ഇതിനു കണ്ടെത്താവുന്ന തെളിവുകൾ എന്തെല്ലാം?**

**ഉത്തരമാതൃക**

ആശ്രമവും തപസ്സും മാത്രമായി ജീവിച്ച ആളായിരുന്നില്ല ഗുരു. തന്റെ യോഗശക്തിയെയും ജ്ഞാനശക്തിയെയും അദ്ദേഹം ആധ്യാത്മികമണ്ഡലത്തിൽ അടച്ചു സൂക്ഷിക്കാതെ ലൗകികതലത്തിലേക്കും പ്രസരിപ്പിച്ചു. മനുഷ്യൻ ഒന്നാണ് എന്ന കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മതങ്ങൾ ഒരുമിക്കുന്ന മഹാസമുദ്രത്തെപ്പറ്റിയും അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. അദ്ദേഹം അത് സമൂഹത്തിലേക്കും പകർന്നു. ആത്മോപദേശശതകം പോലെയുള്ള കൃതികളിലൂടെയും അദ്ദേഹം സമൂഹത്തിൽ അറിവിന്റെ വെളിച്ചം വിതറി. ഗുരുദേവന്റെ ജ്ഞാനസിദ്ധിക്ക് ഉദാഹരണമായിരുന്നു ഇത്. വിദ്യാലയങ്ങൾ സ്ഥാപിക്കുകയും സാമൂഹികസമത്വത്തിനായി സംഘടനകൾ രൂപീകരിക്കുകയും പുരോഗമനപരമായ ആശയങ്ങൾ അവതരിപ്പിക്കുകയും അന്ധവിശ്വാസത്തെ നിരുത്സാഹപ്പെടുത്തുകയും ധൂർത്തിനെതിരെ ശബ്ദിക്കുകയും ചെയ്തു. അങ്ങനെ പ്രവൃത്തിയിലൂടെയും കർമത്തിലൂടെയും ഗുരുദേവൻ വഴിവിളക്കായി. അങ്ങനെ കർമസിദ്ധനും ആയിരുന്നു ഗുരുദേവൻ.

**'ഗുരുദേവസന്ദേശങ്ങളെല്ലാം 'ഏകലോക' സങ്കല്പത്തിലേക്കുള്ള വഴികളായിരുന്നു'.**
**ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം സമർഥിക്കുക. (സ്കോർ: 4)**

മതാതീതനായ ഒരു തത്വജ്ഞാനിയായിരുന്നു ശ്രീനാരായണ ഗുരു. ആധ്യാത്മികജീവിതവും ഭൗതികജീവിതവും അദ്ദേഹം സമന്വയിപ്പിച്ചു. മതമേതായാലും കൊള്ളാം; മനുഷ്യൻ നന്നായാൽ മതി എന്ന സുപ്രസിദ്ധമായ ഗുരുവചനം മനുഷ്യനന്മയ്ക്കാണ് പ്രാധാന്യം നൽകിയത്. പലമതസാരവുമേകമെന്ന് അദ്ദേഹം വിളംബരം ചെയ്തു. അന്ധർ ആനയെക്കണ്ടതുപോലെ അജ്ഞർ മതത്തെ കാണുന്നു എന്ന് മതഭേദങ്ങളെ അദ്ദേഹം കളിയാക്കുക കൂടി ചെയ്യുന്നു. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ഗുരുദർശനം എക്കാലത്തും ഏതുദേശത്തും പ്രസക്തമാണ്. ഭൂമുഖത്തെ വികൃതമാക്കുന്ന ജാതിമതവർഗഭേദങ്ങൾ ഇല്ലാതാവണം. കേവലമായ മനുഷ്യത്വം എന്ന മഹത്തായ ആശയം പ്രാവർത്തികമാകണം. അങ്ങനെ ഏകലോകം എന്ന പരമമായ ലക്ഷ്യത്തിലേക്ക് ഉയരണം എന്നാണ് ഗുരു ആഗ്രഹിച്ചത്. ഇതിൽനിന്നെല്ലാം ഗുരുദേവസന്ദേശങ്ങളെല്ലാം ഏകലോക സങ്കല്പത്തിലേക്കുള്ള വഴികളായിരുന്നു എന്നു മനസ്സിലാക്കാം.